2015-16:- 2015-16 വർഷത്തിലും പച്ചക്കറി വികസന പദ്ധതി അനുസരിച്ച് 400 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കുവാൻ 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 274 ഹെക്ടർ തരിശുഭൂമിയിൽ കൃഷിയിറക്കി കഴിഞ്ഞു. ബാക്കി ഭൂമിയിൽ കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) തരിശുഭൂമി കൃഷിക്കായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഈ പദ്ധതി പ്രകാരം ഹെക്ടറിന് 5,000 രൂപ നൽകുന്നുണ്ട്.

പോളിഹൗസ് കൃഷി രീതിക്ക് നൽകുന്ന സഹായങ്ങൾ

193 (1568) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിഹൗസ് കൃഷി രീതിക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പോളിഹൗസ് കൃഷിരീതി പരിശീലിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പോളിഹൗസ് കൃഷിരീതിയുടെ ഗുണദോഷങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം ഒരു ചതുരശ്രമീറ്ററിന് ചെലവ് കണക്കാക്കുന്ന 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ കർഷകർക്കായുള്ള പരിശീലനവും ജില്ലകൾതോറും നടത്തിവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ 75 ശതമാനവും 2015-16 സാമ്പത്തിക വർഷത്തിൽ 60 ശതമാനവുമാണ് ധനസഹായമായി നൽകിവരുന്നത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പോളീഹൗസിൽ വിളയുടെ കൃഷി നടത്തിപ്പിനായുള്ള ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) കർഷകർക്കും യുവജനങ്ങൾക്കും ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഹൈടെക് കൃഷി ചെയ്യുവാൻ താൽപ്പര്യ മുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്. കൂടാതെ പിന്തുണ നൽകുവാനായി സാങ്കേതിക വിദഗ്ധരുടെ സേവനം കൃഷി വകുപ്പിലും കേരള കാർഷിക സർവ്വകലാശാലയിലും ലഭ്യമാണ്. കൂടാതെ 10 കൃഷി ഓഫീസർമാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. കാർഷികോൽപ്പാദന കമ്മീഷണറുടെയും കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടെയും നിർദ്ദേശപ്രകാരം തെക്കൻ ജില്ല കളിലെ പോളീഹൗസ് കൃഷി രീതിയുടെ ഗുണദോഷങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തുന്നതിനായി കർഷക സാന്ത്വനം പദ്ധതിയുടെ മൾട്ടി ഡിസിപ്ലിനറി ടീം പോളീഹൗസുകൾ സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെ വിദഗ്ധരായ ഡോ. സാം റ്റി. കുന്തോട്ടക്കൽ, ഡോ. സി. നന്ദകുമാർ, ഡോ. കെ. ഉമാ മഹേശ്വരൻ, ഡോ. റ്റി. സജിതാ റാണി എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത ടീം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോളീഹൗസു കളിലെ കൃഷി വിജയകരമാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വായ്പ

194 (1569) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യഥാസമയം കാർഷിക വായ്പാതുക തിരിച്ചടക്കുന്ന കർഷകരുടെ പലിശ സബ്സിഡിയിനത്തിൽ 2015-16-ൽ വകയിരുത്തിയ തുക എത്രയായിരുന്നെന്നും ഇതിൽ കർഷകർക്ക് നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

യഥാസമയം കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡിയായി നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം 2015-16 വർഷം വകയിരുത്തിയ ഒരു കോടി രൂപയും മുൻവർഷത്തെ ബാക്കിനിൽപ്പ് തുകയായ 14,43,002 രൂപയും ചേർത്ത് ആകെ 1,14,43,002 രൂപ ഉണ്ടായിരുന്നതിൽ 1,14,24,895 രൂപ ഇതിനകം കർഷകർക്ക് ഇളവ് നൽകിയ ഇനത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് നൽകാനുള്ളത് നൽകുന്നതിനായി ജില്ലാ സഹകരണ ബാങ്കുകൾ മുഖേന സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly